**പതിമൂന്നാം കേരള നിയമസഭ**

**പതിനൊന്നാം സമ്മേളനം**

**സർക്കാർ വകുപ്പുകളിലേയ്ക്ക് കമ്പ്യൂട്ടർ വാങ്ങിയതുമായി ബന്ധപ്പെട്ട ക്രമക്കേടുകൾ**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 500** **10.6.2014 ലെ മറുപടിയ്ക്ക്**

**ചോദ്യം ശ്രീ.എ.കെ.ശശീന്ദ്രൻ**
**ശ്രീ. തോമസ് ചാണ്ടി**

**ഉത്തരം : ബഹു ധനകാര്യവും നിയമവും ഭവന നിർമ്മാണവും വകുപ്പ് മന്ത്രി**

| | ചോദ്യം | ഉത്തരം |
|---|---|---|
| എ) | കമ്പ്യൂട്ടറുകൾ സംയോജിപ്പിക്കുന്ന ചെറുകിട സ്ഥാപനങ്ങൾക്ക് വിവിധ സർക്കാർ വകുപ്പുകളിലും സ്ഥാപനങ്ങളിലും ഓർഡർ നൽകണമെന്ന ഉത്തരവിനെ സംബന്ധിച്ച് അറിവ് ഉണ്ടോ ; | 2.2.2006 ലെ സർക്കാർ ഉത്തരവ് ജി ഒ (പി)നം.1/2006/എസ്പിഡി അനുസരിച്ച് കെൽട്രോണിന് അൻപത് ശതമാനം വരെ അവർ സംയോജിപ്പിക്കുന്ന കമ്പ്യൂട്ടറുകളും (സെർവർ ഉൾപ്പെടെ) മറ്റ് അനുബന്ധ ഉപകരണങ്ങളും വിവിധ സർക്കാർ വകുപ്പുകൾക്ക് നൽകാവുന്നതാണ് |
| ബി) | ധനവകുപ്പിലെ ഒരു ഉന്നത ഉദ്യോഗസ്ഥന്റെ ബിനാമി കമ്പനിയുടെ നേതൃത്വത്തിൽ വിവിധ സർക്കാർ സ്ഥാപനങ്ങളിലും വകുപ്പുകളിലും കോടികളുടെ കമ്പ്യൂട്ടർ കച്ചവടം നടന്നതായി എന്തെങ്കിലും പരാതി ലഭിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ ഇക്കാര്യത്തിൽ എന്തു നടപടി സ്വീകരിച്ചുവെന്ന് വെളിപ്പെടുത്താമോ ; | ഇല്ല |
| സി) | സർക്കാരിന്റെ പ്രസ്തുത പദ്ധതിയുടെ മറവിൽ ഉദ്യോഗസ്ഥന്റെ ബിനാമി കമ്പനിയിൽ നിന്ന് മാത്രമെ കമ്പ്യൂട്ടറുകൾ | ശ്രദ്ധയിൽപ്പെട്ടിട്ടില്ല |

| | | |
|---|---|---|
| | വാങ്ങാവൂ എന്ന നിലയിലേയ്ക്ക് കാര്യങ്ങൾ എത്തിച്ചേർന്ന കാര്യം ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ ; | |
| ഡി | കമ്പ്യൂട്ടറുകൾ സംയോജിപ്പിക്കുന്ന ചെറുകിട സ്ഥാപനങ്ങളിൽ നിന്നും കമ്പ്യൂട്ടറുകൾ വാങ്ങുന്നതിനും പകരം വൻകിട കുത്തക സ്ഥാപനങ്ങളിൽ നിന്നും വാങ്ങുന്ന കമ്പ്യൂട്ടറുകളാണ് സർക്കാർ വകുപ്പുകൾക്ക് നൽകുന്നതെന്ന കാര്യം ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ ? | ധനകാര്യ വകുപ്പിൽ കമ്പ്യൂട്ടറുകളും മറ്റ് അനുബന്ധ ഉപകരണങ്ങളും വാങ്ങുന്നത് കെൽട്രോണിൽ നിന്നും ഭാരത സർക്കാരിന്റെ ഡി ജി എസ് & ഡി നിരക്കു പ്രകാരമാണ്. ചില അവസരങ്ങളിൽ മാത്രമാണ് ഓപ്പൺ ടെണ്ടർ വഴി കമ്പ്യൂട്ടറും അനുബന്ധ ഉപകരണങ്ങളും വാങ്ങുന്നത് |

അക്കൗണ്ട്സ് ഓഫീസർ